# താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല

തിരുവല്ല പി. ഒ, പിൻ – 689 101, ഫോൺ നമ്പർ – **0469 2602494**

**Mail ID: thqhtvl@gmail.com**


കത്ത് നം. ബി-3138/2024

തീയതി:- 25.10.2024

## ടെണ്ടർ നോട്ടീസ്

വിഷയം: തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി – HMC മുഖേന അടുത്ത ഒരു വർഷത്തേക്ക് ഈ **സ്ഥാപനത്തിലേക്ക് ഓക്സിജൻ, മറ്റ് വിവിധ വാതകങ്ങൾ എന്നിവയുടെ സിലിണ്ടർ വിതരണത്തിനായി** അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് HMC മുഖേന അടുത്ത ഒരു വർഷത്തേക്ക് ഈ **സ്ഥാപനത്തിലേക്ക് ഓക്സിജൻ, മറ്റ് വിവിധ വാതകങ്ങൾ (താഴെപ്പറയുന്ന വിധം) എന്നിവയുടെ സിലിണ്ടർ വിതരണത്തിനായി** അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | ടൈപ്പ് | ഗവ. ഉത്തരവ് പ്രകാരം പരമാവധി ക്വോട്ട് ചെയ്യാവുന്ന തുക |
|---|---|---|
| 1 | Bulk Type $7m^3$ – A Type | Rs. 269.14 |
| 2 | Ward Type 1.5 $m^3$ – B Type | Rs. 75.53 |
| 3 | Pin Type $1m^3$ | Rs. 67.02 |
| 4 | $N_2O$ (12000 Litres) | Rs. 3431.52 |

ടെണ്ടർ ഫോമുകൾ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി ഓഫീസിൽ നിന്നും **28.10.2024 മുതൽ 27.11.2024** വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാവുന്നതാണ്. ദർഘാസ്സ് ഫോം ആവശ്യമുള്ളവർ, ടെണ്ടർ ഫോമിന്റെ വിലയായ **Rs. 2000/- (രണ്ടായിരം രൂപ മാത്രം), 18 ശതമാനം ജി എസ്സ് ടി തുകയും** ഓഫീസിൽ അടച്ച് ഫോമുകൾ കൈപ്പറ്റാവുന്നതാണ്. പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ, സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല പേർക്ക് നിരതദ്രവ്യമായ **Rs. 25000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം)** ന്റെ ഡി ഡി സഹിതം മുദ്രവെച്ച കവറിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി ഓഫീസിൽ **2024 നവംബർ 28, ഉച്ചയ്ക്ക് 12 മണി** വരെ സ്വീകരിക്കുന്നതാണ്. സമർപ്പിക്കുന്ന ടെണ്ടറിന്റെ പേര്/ഫയൽ നം. എന്നിവ മുദ്ര വച്ച കവറിന് മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

നിശ്ചിത തീയതിക്കകം ലഭിച്ച ടെണ്ടറുകൾ **2024 നവംബർ 28 ഉച്ചയ്ക്ക് 2 മണിക്ക്** ദർഘാസുകൾ നൽകിയവരുടെയോ അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഏറ്റവും കുറഞ്ഞ നിരക്കുകൾ ഓരോ തരം സിലിണ്ടറുകൾക്കും [redacted] ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടറുകൾ അംഗീകരിക്കുന്നതാണ്.

ദർഘാസ്സ് നോട്ടീസ്സ് റദ്ദ് ചെയ്യുന്നതിനും നിബന്ധനകൾ പാലിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ടെൻഡർ ഉറപ്പിച്ചു നൽകിയ വ്യക്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിച്ചിരിക്കുന്ന പ്രത്യേക ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രസ്തുത പരിശോധനകൾ അടുത്ത ഒരു വർഷക്കാലയളവിൽ നടത്തി നൽകേണ്ടതാണ്. ടെൻഡർ അംഗീകരിച്ച നിരക്കിൽ കൂടിയ തുകയ്ക്ക് ബില്ലുകൾ അംഗീകരിക്കുന്നതല്ല

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സൂപ്രണ്ട്

താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല